## IV. മേശപ്പുറത്തു വച്ച കടലാസ്സുകൾ
### (ചട്ടം 47(2) പ്രകാരമുള്ളത്)
### 17-12-2012-ൽ അജണ്ടയിലെ നാലാമത്തെ ഇനമായി സഭയുടെ മേശപ്പുറത്തുവയ്ക്കുന്ന കടലാസുകളുടെ പട്ടിക

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, പതിമൂന്നാം കേരള നിയമസാ യുടെ ഒന്നാം സമ്മേളനത്തിലെ 120, 129 രണ്ടാം സമ്മേളനത്തിലെ 9, 26, 3024, 4438, 4473, 5980, 6000, നാലാം സമ്മേളനത്തിലെ 2, 5, 6, 10, 17, 20, 32, 107 അഞ്ചാം സമ്മേളനത്തിലെ 16, 60, 1621, 3216, T 3220, 3250, 6287, 6324, 7639, 7651, 7670 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമി ടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി ലഭ്യമാ ക്കാത്തതിനുള്ള കാരണം കാണിക്കുന്നതിനുള്ള ചട്ടം 47(2) പ്രകാരമുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, പതിമൂന്നാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 3299, 6388, 6392 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി ലഭ്യമാക്കാത്തതി നുള്ള കാരണം കാണിക്കുന്നതിനുള്ള ചട്ടം 47(2) പ്രകാരമുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യ ബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, പതിമൂന്നാം കേരള നിയമസഭയുടെ രണ്ടാംസമ്മേളനത്തിലെ 6341, 6371

നാലാം സമ്മേളനത്തിലെ 2251, 2260 അഞ്ചാം സമ്മേളനത്തിലെ 2080, 2082, 3771, 3777, 3786, 8093, 8096 എന്നീ നമ്പരുകളിലുള്ള നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി ലഭ്യമാക്കാത്തതിനുള്ള കാരണം കാണിക്കുന്നതിനുള്ള ചട്ടം 47(2) പ്രകാര മുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാ കൃഷ്ണൻ): സർ, പതിമൂന്നാം കേരള നിയമസഭയുടെ നാലാം സമ്മേളന ത്തിലെ 1150, 1693, 1736, 1799, 1834 അഞ്ചാം സമ്മേളനത്തിലെ 231, 237, 246, 298, 1787, 1791, 1800, 1822, 1839, 1863, 3447, 3450, 3474, 3494, 5009, 5019, 5022, 5024, 5025, 5030, 5039, 5052, 5053, 5062, 5070, 5087, 6445, 6476, 6531, 7805, 7832, 7844, 7848, 7850 എന്നീ നമ്പരുക ളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാ സമയം മറുപടി ലഭ്യമാക്കാത്തതിനുള്ള കാരണം കാണിക്കുന്നതിനുള്ള ചട്ടം 47(2) പ്രകാരമുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

## V. റിപ്പോർട്ട് സമർപ്പണം

### (1) 2012-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ സംബന്ധിച്ച II-ാം സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, 2012 -ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ സംബന്ധിച്ച

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

**(2) പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുടെ പതിനാലു മുതൽ പതിനേഴ് വരെയുള്ള റിപ്പോർട്ടുകൾ**

ശ്രീ. കെ. എൻ. എ. ഖാദർ: സർ, പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പതിനാലു മുതൽ പതിനേഴ് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

**റൂളിംഗ്**

മി. സ്പീക്കർ : നിയമസഭയിൽ അംഗങ്ങൾ ലാപ്ടോപ്പ്, ഐപാഡ് എന്നിവ ഉപയോഗിക്കുന്നത് അനുവദനീയമാണോയെന്നത് സംബന്ധിച്ച് റൂളിംഗ് നൽകണമെന്ന് ശ്രീ. ടി.എൻ. പ്രതാപൻ, ക്രമപ്രശ്നം എഴുതി നൽകിയിരുന്നു. കഴിഞ്ഞ ആഴ്ച ഡോ. ടി.എം. തോമസ് ഐസക് പ്രസംഗിക്കവേ ഐപാഡ് ഉപയോഗിച്ച സാഹചര്യത്തിലാണ് ഇപ്രകാരമുള്ള ക്രമപ്രശ്നം വന്നതെന്ന് ചെയർ കരുതുന്നു. 2007 മാർച്ച് 13-ന് ശ്രീ. ടി.എൻ. പ്രതാപൻ പ്രസംഗസമയത്ത് ലാപ്ടോപ്പ് ഉപയോഗിച്ചപ്പോൾ അന്ന് അതൊരു ക്രമപ്രശ്നമായി ഉയർന്നിരുന്നു. അന്ന് ചെയറിലുണ്ടായിരുന്ന പാനൽ ഓഫ് ചെയർമാൻ ഇത് സംബന്ധിച്ച് സ്പീക്കർ വിശദമായ റൂളിംഗ് നൽകുമെന്ന് പറഞ്ഞിരുന്നുവെങ്കിലും അപ്രകാരം വിശദമായ റൂളിംഗ് നൽകിയതായി രേഖകളിൽ കാണുന്നില്ല. സഭയിലെ നിലവിലുള്ള കീഴ്വഴക്കമനുസരിച്ച് ലാപ്ടോപ്പ്, ഐപാഡ് തുടങ്ങിയ ഇലക്ട്രോണിക് സംവിധാനങ്ങൾ സഭയിൽ അനുവദനീയമല്ല.

നമ്മൾ ഇന്ന് ജീവിക്കുന്നത് ഹൈടെക് യുഗത്തിലാണ്. അതുകൊണ്ട് ഇത്തരത്തിലുള്ള ആധുനിക സംവിധാനങ്ങളോട് പിന്തിരിഞ്ഞുനിൽക്കുന്നത് ശരിയാണെന്ന് സഭാംഗങ്ങളോടൊപ്പം ചെയറിനും അഭിപ്രായമില്ല. എന്നാൽ സഭയ്ക്കുള്ളിൽ അതിന്റെ ദുരുപയോഗം ഒഴിവാക്കുകയും വേണം. അഞ്ചാം സമ്മേളനം മുതൽ നിയമസഭാ നടപടികൾ  വെബ്കാസ്റ്റ് ചെയ്യുന്നുണ്ട്. ഈ സഭയുടെ കാലയളവിൽത്തന്നെ അംഗങ്ങൾക്ക് ഐപാഡ് വിതരണം ചെയ്തിരുന്നു. ഈ സാഹചര്യത്തിൽ നിയമസഭയിലെ പ്രസംഗത്തിന് സഹായകമായ രീതിയിൽ മാത്രം ലാപ്ടോപ്പും ഐപാഡും സഭയ്ക്കുള്ളിൽ അനുവദിക്കുന്നതാണ് ഉചിതമെന്ന് ചെയർ കരുതുന്നു. ചെയർ അനുവദിക്കുന്ന ഈ സൗകര്യം നിയമസഭയിലെ തങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ബഹുമാനപ്പെട്ട അംഗങ്ങൾ പ്രയോജനപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഈ തീരുമാനത്തെ സർക്കാർ പൂർണ്ണമായും സ്വാഗതം ചെയ്യുന്നു.  കാലത്തിന്റെ മാറ്റങ്ങൾക്കനുസരിച്ചുള്ള ചെയറിന്റെ ഈ തീരുമാനം എല്ലാ ഭാഗത്തുനിന്നും സ്വാഗതം ചെയ്യുമെന്ന് ഞാൻ വിശ്വസിക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഇന്നത്തെക്കാലത്ത് ആധുനിക രീതിക്കനുസരിച്ചുകൊണ്ട് നിയമസഭയിലും മാറ്റങ്ങൾ വേണം. അതിനനുസൃതമായി ഉയർന്ന ബഹുമാനപ്പെട്ട ചെയറിനെ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്.